ടാലന്റഡ് ബാങ്കേഴ്സ് മീറ്റുകളിലും സ്റ്റേറ്റ് ബാങ്ക് സർഗ്ഗോത്സവങ്ങളിലും സംഗീതനിപുണനായി ശ്രദ്ധേയനായ, തികഞ്ഞ 'ഉത്സാഹത്തിന്റെ പാക്കേജായി' പ്രത്യക്ഷപ്പെട്ട്, അനുവാചകരിലേക്കു പടർന്നു കയറുന്ന ഒരു ബാങ്കറെ സസന്തോഷം അവതരിപ്പിക്കുന്നു, ഈയാഴ്ചയിലെ താരമായി.

ശ്രീ വിനോദ് വാസു
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
റാസ്മെക്, ആലുവ.

എറണാകുളം ജില്ലയിലെ കടുങ്ങല്ലൂരിൽ പി.എൻ.വാസുദേവൻ പിള്ള-രാജലക്ഷ്മി ദമ്പതികളുടെ മകനായി 1969 ൽ ജനിച്ചു.പിതാവ് കളമശ്ശേരി എച്ച്.എം. ടി യിൽ ഉദ്യോഗസ്ഥനായിരുന്നു; മാതാവ് ഗൃഹഭരണത്തിലും.

കഥകളി പ്രേമിയായ പിതാവിന്റെ പാതകൾ പിന്തുർന്ന് ചെറുപ്രായത്തിൽ തന്നെ വിനോദ് കഥകളി സംഗീതത്തെ ശ്രദ്ധയോടെ കേട്ടിരുന്നു.സംഗീതത്തിന്റെ വീചികൾ കുഞ്ഞു വിനോദിൽ അനുരണനങ്ങളുളവാക്കി, രാഗങ്ങളിലൂളിയിട്ടു.
ക്രമേണ തന്നിലെ നൈപുണ്യം തിരിച്ചറിഞ്ഞ വിനോദ് മിമിക്രിയിലും പ്രസംഗകലയിലും തിളങ്ങി.

കടുങ്ങല്ലൂർ ഗവമ്മെന്റ് എൽ.പി.എസ്സിലും ആലുവ ഹോളി ഗോസ്റ്റ് കോൺവെന്റ് സ്കൂളിലും പഠിച്ചിരുന്നപ്പോൾ മിമിക്രിയിലും പ്രസംഗങ്ങളിലും അഖില കേരള ബാലജനസഖ്യത്തിന്റെ സംസ്ഥാനതല സമ്മാനങ്ങൾക്ക് അർഹനായി.

കളമശ്ശേരി എച്ച്. എം.ടി ഹൈസ്ക്കൂളിലെ പഠനസമയത്ത് സംഗീതവീചികൾ ഉള്ളിൽ കൃത്യമായ സ്വരസ്ഥാനങ്ങളായിരൂപപ്പെട്ടു കഴിഞ്ഞു. ഗായകനായി അറിയപ്പെട്ടു തുടങ്ങി.

കേരളത്തിൽ ആദ്യമായി രൂപം കൊണ്ട കുട്ടികളൂടെ ഓർക്കെസ്ട്രാ - സാക്ക് ഓർക്കെസ്ട്രാ, കൂനമ്മാവ്- യിൽ പാട്ടുകാരനായി ചേർന്നു. ഈ സംഘത്തിൽ അംഗമായിരുന്നു, മിമിക്രി--സംഗീത പ്രതിഭയായ നാദിർഷാ. ശ്രീ രാജൻ ആന്റണി നേതൃത്വം കൊടുത്ത ഈ കുട്ടികളുടെ സംഘം നൂറിലധികം വേദികളിൽ പാട്ടു പാടിയും മിമിക്രി അവതരിപ്പിച്ചും കലാകേരളത്തിന്റെ ഓമനകളായി.

സംഗീതഭ്രമം ശാസ്ത്രീയ പഠനത്തിലേക്കു തിരിഞ്ഞത് ഇക്കാലത്തായിരുന്നു.

പ്രസിദ്ധ സംഗീതജ്ഞൻ കടുങ്ങല്ലൂർ എസ്. ഹരിഹരൻ നായരുടെ ശിക്ഷണത്തിൽ ശാസ്ത്രീയ സംഗീതപഠനത്തിനു തുടക്കമിട്ടു.
ഇതിനിടയിൽ സിനിമയിലും ഒരു ചാൻസ് വന്നു ചേർന്നു.
ഒൻപതാം ക്ളാസ്സിൽ പഠിക്കുമ്പോഴായിരുന്നു അത്.
ശ്രീ മമ്മൂട്ടി നായകനായ ''കൊച്ചുതെമ്മാടി' (1983 ൽ എം.ടി-എ.വിൻസെന്റ് കൂട്ടുകെട്ടിൽ)യിൽ അഭിനയിച്ചു.

''ചെറുതല്ലാത്ത ഒരു വേഷമായിരുന്നു''.വിനോദ് സംഭാഷണമദ്ധ്യേ ഓർത്തെടുത്തു.

ആലുവ യു.സി കോളേജിലും കളമശ്ശേരി പോളി ടെക്നിക്കിലും പഠനം തുടർന്നപ്പോഴും ശാസ്ത്രീയ സംഗീതത്തിൽ ശ്രദ്ധയുന്നിയിരുന്നു. ഒപ്പം പുല്ലാങ്കുഴലിലും പ്രാവീണ്യം നേടി. 1988 ലെ കണ്ണൂർ പോളിഫെസ്ററിൽ കലാപ്രതിഭയുമായി.
ആ വർഷം തന്നെ എയർഫോഴ്സിൽ ടെക്നീഷ്യനായി പ്രവേശനം ലഭിച്ചു.അവിടെയും സർഗ്ഗവാസന പ്രകടിപ്പിക്കുവാൻ ധാരാളം അവസരങ്ങൾ ലഭിച്ചിരുന്നു. ഹിന്ദി സെമി ക്ളാസ്സിക്ക് ഗാനങ്ങളിലൂടെ എയർഫോഴ്സ് വേദികളിൽ ശ്രദ്ധ നേടി.ഇരുപതു വർഷത്തെ സൈനിക സേവനത്തിനിടയിൽ എം.ബി.ഏ, എൽ‌എൽബി ബിരുദങ്ങളും കരസ്ഥമാക്കി.
എയർഫോഴ്സ് സേവനം പൂർത്തിയാക്കി വിരമിച്ചു വന്ന പ്പോൾ, 2008 ലാണ് ബാങ്കിംഗ് പ്രവേശം. ബി.എസ്.ആർബിയിലൂടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ക്ളറിക്കൽ കേഡറിൽ ജോലി നേടി.
കുമിളിയിലായിരുന്നു ആദ്യനിയമനം.
2012 ൽ ഓഫീസർ കേഡറിലേക്ക് സ്ഥാനക്കയറ്റവും നേടി.

വർഷാവർഷം നടന്നു വന്നിരുന്ന എസ്.ബീ.ടി ബാങ്ക് ഫെസ്റ്റിൽ സ്ഥിരമായി പങ്കെടുക്കുവാൻ അവസരം ലഭിച്ചത് കലാസപര്യയുടെ തുടർച്ചക്ക് ആക്കം കൂട്ടുവാനുതകി. ക്ളാസ്സിക്കൽ‌ലളിത സംഗീത വിഭാഗങ്ങളിലും പുല്ലാങ്കുഴൽ വാദനത്തിലും ബാങ്കിന്റെ സർഗ്ഗപ്രതിഭാ മണ്ഡലത്തിന്റെ അംഗീകാരങ്ങൾ നേടി.

ഈ അവസരത്തിലാണ് ഗുരു നെടുങ്കുന്നം വാസുദേവന്റെ ശിക്ഷണം കൈവരുന്നത്. ഇത് തന്റെ സംഗീതപാതയിലൊരു പുതുമാനമേകിയ വഴിത്തിരിവായി വിനോദ് കരുതുന്നു.
വിവിധ സ്ഥലങ്ങളിൽ സംഗീതകച്ചേരികൾ നടത്തുവാൻ അതു തന്നെ പ്രാപ്തനാക്കി; വിനോദിന്റെ കണ്ണുകളിൽ ആദരവിന്റെ ആർദ്രത.

നെടുങ്കുന്നം ഗുരുവിന്റെ ആശീർവാദത്തോടെ ഇപ്പോള് മുപ്പത്തടം ചന്ദ്രശേഖരപുരത്ത് സംഗീത അക്കാദമിക്ക് നേതൃത്വം

കൊടുക്കുവാനും വിനോദ് സമയം കണ്ടെത്തിയിരിക്കുന്നു.

സുഹൃത്തായ സംഗീത സംവിധായകൻ പ്രദീപ് സരണി ('കണ്ണനു നേദിക്കാൻ കദളിപ്പഴം'ഫെയിം) യുമായി ചേർന്ന് ഗായകരായ തന്റെ രണ്ടു മക്കളേയും കൂട്ടി ഒരു ഗാനസദ്യയുടെ ആൽബത്തിന്റെ പണിപ്പുരയിലാണ് വിനോദും കുടുംബവും. സഹധർമ്മിണി,ശ്രീമതി ബിന്ദു ആലുവയിൽ ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനത്തിൽ സീനിയർ അസിസ്റ്റന്റായി ജോലി നോക്കുന്നു. വീണ വായനയുമായി ആ അമ്മയും കൂടി ലയമൊരുക്കുന്ന കുടുംബക്കച്ചേരിയിൽ മകൻ അനന്തകൃഷ്ണനും മകൾ അപർണ വിനോദും കൂടിയായാൽ രാഗവിലോലമായി.
ഈ ആൽബം നമുക്ക് അമൃതേത്തായിരിക്കുമെന്ന് നിസംശയം കരുതാം.
അനന്തു പ്ളസ് ടൂവിലും അപ്പു ഒൻപതിലും പഠിക്കുന്നു.

സ്റ്റേറ്റ് ബാങ്ക്
സർഗോത്സവ വേദിയെ സംഗീതലയമാക്കുന്നതിലും വിനോദ് മുന്നിലുണ്ട്.

ടാലന്റഡ് ബാങ്കേഴ്സ് തൃശൂരിലും ആലുവയിലും സംഘടിപ്പിച്ച മീറ്റുകളിൽ സെമി ക്ളാസിക്കു ഗാനങ്ങളവതരിപ്പിച്ച് വിനോദ് രംഗം കൈയടക്കിയിരുന്നത് ഈയവസരത്തിലോർക്കുന്നു.

എസ്.ബി.ഐ ആലുവ റാസ്മെക്കിൽ ഡെപ്യൂട്ടി മാനേജരായി ഇപ്പോൾ പ്രവർത്തിക്കുന്ന ഈ ബാങ്കർ, തന്റെ കരിയറിലും ശ്രദ്ധേയമായ അംഗീകാരങ്ങൾ ഇതിനകം നേടി. സഹപ്രവർത്തകരുടെ ട്രേഡ് യൂണിയൻ നേതൃത്വനിരയിലും വിനോദ് ഉജ്വല പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നു.ഇപ്പോൾ എസ് ബി ഓ എ യുടെ ആലുവ റീജിയണൽ സെക്രട്ടറിയാണ്.

പ്രശസ്ത കാർട്ടൂണിസ്റ്റും നമ്മുടെ വാരാന്ത്യ പ്രതിഭാ ദളങ്ങളിലെ ടാലന്റഡ് ബാങ്കറുമായ എ.സതീഷ്,
പാട്ടുകാരനായ വിനോദ് എന്ന സംഘടനാ നേതാവിനെക്കുറിച്ചു പറഞ്ഞ വാക്കുകൾ ഈ ലേഖനരചനാ സമയത്ത് ഓർക്കുകയാണ്.

'''സംഘടനാ പ്രവർത്തനങ്ങളുടെ ഭാഗമായി ജയ്പൂരിൽ സംഘടിപ്പിച്ച ക്യാംപിൽ വിനോദ് പാടിയ ഹിന്ദി സെമി ക്ളാസിക്കൽ ഗാനം അവിടെ ഹിന്ദി ബെൽറ്റിൽ നിന്നു വന്നവരെ അതിശയിപ്പിച്ചു. പാട്ടു കഴിഞ്ഞയുടൻ വിനോദിനെ അഭിനന്ദിക്കുവാൻ അവർ ഓടിയെത്തിയത് അതിനു തെളിവായിരുന്നു.

അനുഗ്രഹീത ഗായകന് അഭിനന്ദനങ്ങളും ഉയർച്ചയും നേരുന്നു''.

കായിക ക്ഷമതയിലും തന്റെ മാറ്റുരച്ചു കൊണ്ട് ഹാഫ് മാരത്തോൺ ഓട്ടങ്ങളിലും ഈ പാട്ടുകാരൻ മുന്നിലുണ്ട്.

സ്വപ്ന പദ്ധതിയായ ആൽബം സാക്ഷാത്കരിക്കുന്നതിനും സർഗ്ഗപ്രതിഭാ വഴികളിൽ പുതിയ മാനങ്ങൾ കീഴടക്കുന്നതിനും ശ്രീ വിനോദിനും കുടുംബത്തിനും ടാലന്റഡ് ബാങ്കേഴ്സിന്റെ ആശംസകൾ നേരുന്നു.

**English Version**

There's a multifaceted talent amongst us who being the exemplar of enthusiasm kindles attentiveness and enticement of the audience with his ever enchanting performances at Talented Bankers' meets and State Bank Arts Festivals.

That be said, lets put our spotlight on this week's talented banker.

Mr. Vinod Vasu
State Bank of India
Rasmec, Aluva.

Vinod was born as the the son of Mr PN Vasudevan Pillai and Mrs Rajalakshmi. His father worked at HMT in Kalamassery.
Even at a tender age, Vinod used listen to Kathakali music, following the strides of his father, a fanatic Kathakali admirer.
What ensued is realization of his faculties which in turn transformed him to an expert in mimicry and elocution eventually.

While he had his schooling at Government LPS, Kadungalloor and Holy Ghost Convent, Aluva, he was conferred awards for winning Mimicry and Elocution competitions hosted by 'Akhila Kerala Balajana Sakhyam'.During the course of his studies at Kalamassey HMT School,the waves of music within him gained its shape and form in entirety in all it's eminence and he turned out be acknowledged widely as a singer.

He joined Saks orchestra at Koonammavu – the first orchestra group which nobly attempted to accentuate the talents of children. This team was helmed by music virtuosos like Mr Nadirsha and Mr Rajan Antony. It was during this time that his focal point got shifted to classical music.He began learning classical music from the famous musician Kadungallur S Hariharan Nair. In the meantime, when he was in ninth grade,he got an opportunity to act in the Mammooty starrer movie- 'Kochu Themmadi'.

Mr Vinod was never reluctant to pay heed to the entreaties of his soul to satiate it's passion for classical music even during his studies at UC College, Aluva and Polytechnic College, Kalamassery. Later on,he became a well -versed flutist as well.He won the title of Kalaprathibha at Kannur Polytechnic fest in 1988.Soon thereafter he was recruited to Airforce as a technician.He got opportunities in plenitude to showcase his talents in events organized by the airforce.During the tenure of his twenty years of service, he completed MBA and LLB degrees.

He joined the State Bank of Travancore as a Clerk through BSRB. His first posting was at Kumili and was promoted to Officer Cadre in 2012. His participation in SBT Fests spurred his artistic continuum and he gained widespread recognition for his expertise in classical and light music.

It was at this point that he became the disciple of Shri Nedumkunnam Vasudevan which became a defining point in his music career.This discipleship which he perceives as divine made him confide in his ability to perform concerts in different places.
Mr Vinod opines that it's the blessings of his Guru that makes him helm a famous music academy.

Vinod along with his family is presently working on a music album with Pradeep Sarani ('Kannanu Nedikan Kadalipazham' fame), a renowned music director.His wife Mrs.Bindu works as Senior Assistant in a Chartered Accountancy firm in Aluva. Their son Ananthakrishnan and daughter Aparna who are studying in in twelfth and ninth grade respectively, alongside with their mother ,a Veena Player ,will needless to say, make this album a wonderful one.

Mr Vinod who now serves as a deputy manager at SBI, Rasmec, Aluva has already to his credit several accolades. He is also a Trade Union Activist and is currently the regional secretary of SBOA-Aluva.

Vinod performed a Hindi semi-classical song at a camp that was organized in Jaipur as part of Trade Union activities which took the people from Hindi belt states by surprise and they congratulated him wholeheartedly. Mr Vinod, having participated in Half marathon races, has proved his talent as a sportsman as well.

Let us wish him and his family all success in materializing their dream project - the music album. May the almighty bless him with everything he desires for and endow him with tenacity to explore the pinnacle of success.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram